പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 6758 12.07.2012-ൽ മറുപടിയ്ക്ക്

## നാദാപുരം മണ്ഡലത്തിലെ കരിങ്കൽ ക്വാറികൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നാദാപുരം മണ്ഡലത്തിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) നാദാപുരം മണ്ഡലത്തിൽ 18 കരിങ്കൽ ക്വാറികൾ ജിയോളജി, പൊല്യൂഷൻ, എക്സ്പ്ളോസീവ്, പഞ്ചായത്ത് ലൈസൻസുകളോടുകൂടി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>1. കാവിലുംപാറ പഞ്ചായത്ത് - 05<br>2. നരിപ്പറ്റ പഞ്ചായത്ത് - 03<br>3. കായക്കൊടി - 04<br>4. മരുതോൻകര - 03<br>5. ചെക്യാട് - 02<br>6. പുറമേരി - 01 |
| (ബി) ലൈസൻസില്ലാതെ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിനെതിരായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) നാദാപുരം മണ്ഡലത്തിൽ ജിയോളജി വകുപ്പിൽ നിന്നും 42 കരിങ്കൽ ക്വാറികൾക്ക് ഖനനാനുമതി നൽകിയതിൽ മേൽ രേഖപ്പെടുത്തിയ 18 ക്വാറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. മറ്റ് 24 ക്വാറികൾക്ക് ജില്ലാ ഓഫീസിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും മറ്റു വകുപ്പുകളുടെ അനുമതി ലഭിക്കാത്തതിനാൽ ഖനന പ്രവർത്തനം നിർത്തി വയ്പ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ